THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# QUESTION BANK
# GRADE-X
# CHAPTER-IV

യുദ്ധത്തിന്റെ പരിണാമം

**I.**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക

**1.**യുദ്ധത്തിൻറെ പരിണാമം ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്ന കൃതിയാണ്**?**

**2.**ഏത് കൃതിയിൽ നിന്ന് എടുത്ത പാഠഭാഗമാണ് യുദ്ധത്തിൻറെ പരിണാമം**?**

**3.**നിരൂപണ ത്രയം എന്നറിയപ്പെടുന്ന സാഹിത്യകാരന്മാർ ആരെല്ലാം**?**

**4.**ഏത് കഥയാണ് യുദ്ധത്തിൻറെ പരിണാമത്തിൽ പറഞ്ഞു വയ്ക്കുന്നത്**?**

**5.**യുദ്ധാനന്തരം കൗരവരിൽ അവശേഷിക്കുന്നവർ ആരെല്ലാമായിരുന്നു**?**

**6.**"അവർ അവയെ ചൊല്ലി സജ്ജനങ്ങൾക്കിടയിൽ നിർവ്വേദം കൊള്ളും"**-**ആരുടെ വാക്കുകൾ**?**

**7.**'ഞാൻ യജ്ഞം ചെയ്തു ഭരിക്കേണ്ടവരെ ഭരിച്ചു ഭൂമി അടക്കിവാണു ശത്രുക്കളുടെ തലയിൽ കാൽ വെച്ചു'
ആരുടെ വാക്കുകൾ**?**

**8.**'ഞാൻ എനിക്ക് വേണ്ടി മരിച്ചവരുടെ ഒപ്പം എത്താൻ വെമ്പുകയാണ്'**-**ആരുടെ വാക്കുകൾ**?**

**9.**'പുണ്യവും പ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽ കിടന്നു മരിക്കയാൽ ഞാൻ ശാശ്വത ലോകങ്ങൾ നേടും'**-**ആരുടെ വാക്കുകൾ**?**

**10.**സമന്തപഞ്ചകം സ്ഥാപിച്ചതാര്**?**

**11.'**ഇതു തന്നെയാണ് മനുഷ്യൻറെ വിധി രാജാവായിട്ടും ഞാൻ വീണ യുദ്ധത്തിൽ തോറ്റോടിയിട്ടില്ല**'-**ആരുടെ വാക്കുകൾ**?**

**12.'**ആ ദുഷ്ടന്മാർ കൊടുംക്രൂരത കാട്ടി എൻറെ അച്ഛനെ വധിച്ചു**'-**ദുഷ്ടന്മാർ എന്ന് വിശേഷിപ്പിച്ചത് ആരെയാണ്**?**

**13.**വൃദ്ധരായ മാതാപിതാക്കളെയും ഭാര്യയെയും ഓർക്കുന്നതിനു മുൻപേ ദുര്യോധനൻ ഓർത്തത് ആരെ**?**

**14.'**മൂന്നുപേരും പാണ്ഡവരുടെ പാളയത്തിനടുത്ത് എത്തി**'** ആരായിരുന്നു ആ മൂന്നുപേർ**?**

**15.**ആരൊക്കെയാണ് ഓഘവ നദീതീരത്തേക്ക് മംഗളത്തിനായി പോയത്**?**

**16.'**ദ്രൗണി അയാളുടെ കഴുത്തിലും നെഞ്ചിലും ചവിട്ടി നിന്നു ഞെക്കിക്കൊല്ലാൻ ശ്രമിച്ചു**'-**ആരെ**?**

**17.'**ഗുരുഘാദികൾക്ക് കുലപാം സന ലോകങ്ങൾ ഇല്ല**'-**ആരുടെ വാക്കുകൾ**?**

**18.**ദ്രൗണി ആരെയാണ് മൂന്ന് തുണ്ടമാക്കിയത്**?**

**19.**ദ്രൗണിക്ക് ബ്രഹ്മശിരസ് എന്ന അസ്ത്രം നൽകിയത് ആര് **?**

**20.**കൂട്ടക്കുരുതിക്ക് ശേഷം അശ്വത്ഥാമാവ് എവിടെയാണ് പോയിരുന്നത്**?**

**II.**ഉത്തരം എഴുതുക

**1.**തനിക്ക് സ്വർഗ്ഗ പ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചതിന്റെ അടിസ്ഥാനം എന്ത്**?**പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക**?**

**2.**പാണ്ഡവർ നേടിയ വിജയത്തെ വലപാടും നേടിയ വിജയം എന്ന ലേഖകൻ വിശേഷിപ്പിച്ചതിന്റെ ഔചിത്യം ചർച്ച ചെയ്ത് അവതരിപ്പിക്കുക**?**

**3.**"വിഷത്തെക്കാൾ വർജ്യമാകും
നരചിത്തം ദൂഷിക്കുകിൽ"
ഈ വരികളിൽ തെളിയുന്ന ആശയം പാഠഭാഗത്തെ ഉചിതമായ ഒരു സന്ദർഭവുമായി ബന്ധിപ്പിച്ച കുറിപ്പ് തയ്യാറാക്കുക

**4.**'അതിനെ അവനെ എപ്പോഴും എവിടെയും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാത്മാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയും ആയി കൽപ്പിച്ചതിന് അർത്ഥം'-കുട്ടികൃഷ്ണമാരാരുടെ ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക

**5.**പാഠഭാഗത്ത് പരിചയപ്പെട്ട അശ്ശുദ്ധമാവിന്റെ സ്വഭാവസവിശേഷതകളെ കുറിച്ച് വിവരണം തയ്യാറാക്കുക?

**6.**ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി-എങ്ങനെ എന്നാണ് മാരാർ പറയുന്നത്?

**7.**യുധിഷ്ഠിരനോട് കൃഷ്ണൻ പറഞ്ഞത് എന്ത്?

**8.**"സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി"-വിശദീകരിക്കുക

**9.**അർജുനൻ ബ്രഹ്മശിരസ്സ് എന്ന അസ്ത്രം പ്രയോഗിച്ചത് എങ്ങനെ?

**10.** ഉത്തരയുടെ ഗർഭസ്ഥ ശിശുവിന് രക്ഷിക്കാമെന്ന് കൃഷ്ണൻ കരുതണ്ട എന്ന് പറഞ്ഞപ്പോൾ ശ്രീകൃഷ്ണന്റെ മറുപടി എന്തായിരുന്നു? അശ്വത്ഥാമാവിന് കൃഷ്ണൻ നൽകിയ ശാപം എന്തായിരുന്നു?